(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ച് വിശദവിവരം നല്കുമോ ;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് കോർ ബാങ്കിംഗിന് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കുന്നതിന് സംഘങ്ങൾക്കുള്ള സ്വാതന്ത്ര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി സഹകരണ രജിസ്ട്രാറുടെ അനുമതി നിർബന്ധമാക്കുമോ?

ഉത്തരം

(എ) സഹകരണ വായ്പാ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു.

(ബി) കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. മുതലായ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ അംഗങ്ങൾക്കും/പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) നിലവിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണസമിതിയാണ്.

(ഡി) കോർ ബാങ്കിംഗ് നടപ്പിൽ വരുത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ ടി സംവിധാനങ്ങൾ നടപ്പിൽ വരുത്തുമ്പോൾ പൊതു ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ

96 (3250) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിലെല്ലാം കൂടി എത്ര കോടി രൂപയാണ് കാർഷിക വായ്പയായി 2014-15 സാമ്പത്തിക വർഷം നൽകിയിട്ടുള്ളത്;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പച്ചക്കറികളിലും ഭക്ഷ്യ ഉൽപന്നങ്ങളിലും മാരകമായ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന വാർത്തകൾ പുറത്തുവരുന്നതിന്റെ ഭാഗമായി കർഷകർ ജൈവകൃഷിയിലേയ്ക്ക് വലിയ തോതിൽ ആകൃഷ്ടരാകുന്നുണ്ട് എന്നത് കണക്കിലെടുത്ത് ഇപ്രകാരമുള്ള കാർഷിക വായ്പ കർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 1604 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന 3642.15 കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്.

(സി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി സഹകരണ സ്ഥാപനങ്ങൾ മുഖേന നെൽകൃഷിക്കും പച്ചക്കറിക്കും ഉൾപ്പെടെ കാർഷിക വിള വായ്പകൾ വിതരണം ചെയ്തുവരുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ നിലവിൽ 7% പലിശ നിരക്കിലാണ് നൽകിവരുന്നത്. ടി വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ 5% പലിശ ഇളവ് നൽകി വരുന്നുണ്ട്. ഇതിന് പുറമേ 31-7-2015 വരെ എടുക്കുന്ന വായ്പകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ പരമാവധി 3% പലിശ ഇളവും ലഭ്യമാണ്. പൊതുവിൽ ലളിതമായ വ്യവസ്ഥയിലാണ് കാർഷിക വായ്പകൾ നൽകി വരുന്നത്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ

97 (3251) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ദേവസ്വവും ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ തിരുവേണി സൂപ്പർ മാർക്കറ്റുകളിലെ ദിവസ വേതന ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തിരുവേണി സൂപ്പർ മാർക്കറ്റുകളിൽ താത്കാലിക ജീവനക്കാരായി എത്ര പേർ ജോലി ചെയ്യുന്നു എന്നറിയിക്കാമോ; താത്കാലിക ജീവനക്കാരിൽനിന്ന് ESI, PF വിഹിതമായി പിടിക്കുന്ന തുക ബന്ധപ്പെട്ട വകുപ്പുകളിൽ എത്തുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly